## പതിനാലാം കേരള നിയമസഭ
## 2-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1273** **03.10.2016-ൽ മറുപടിയ്ക്ക്**

## പരിസ്ഥിതി സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. സ്വരാജ് : | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പരിസ്ഥിതി ആഘാതങ്ങൾ മൂലം കാലാവസ്ഥയ്ക്ക് പോലും വ്യതിയാനങ്ങൾ ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സഹ്യപർവ്വതം ഉൾപ്പെടെയുള്ള മലനിരകളെ സംരക്ഷിക്കുന്നതിനും പരിസ്ഥിതി ആഘാതങ്ങൾ കുറയ്ക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുമോ; | (ബി) സ്വീകരിക്കുന്നതാണ്. |
| (സി) പരിസ്ഥിതി സംരക്ഷിക്കുന്നതിന് പൊതുജന-ങ്ങളുടെ കൂടി പങ്കാളിത്തത്തോടെ ക്രിയാത്മക-മായ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) പരിസ്ഥിതി സംരക്ഷണത്തിനായി അടുത്ത അഞ്ച് വർഷങ്ങൾകൊണ്ട് പൂർത്തിയാകുന്ന ഹരിതകേരളം പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനം, കാർഷിക വികസനം, ജല സുരക്ഷ എന്നീ മൂന്ന് മേഖലകളാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പ്രത്യേക ദൗത്യസേന രൂപീകരിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. വിദ്യാർത്ഥികൾ, യുവജന സംഘടനകൾ, വാളണ്ടിയർ ഓർഗനൈസേഷനുകൾ മറ്റ് |

ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പാക്കുന്നത്. ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, പച്ചക്കറിയിലും മറ്റുവിളകളിലും സ്വയം പര്യാപ്തത, കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ മാലിന്യ സംസ്കരണം എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

സെക്ഷൻ ഓഫീസർ